ഉത്തരം

(എ) വ്യാപകമായ വനം കയ്യേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നു.

(ബി) നേര്യമംഗലം റെയ്ഞ്ചിൽ വാളറ സ്റ്റേഷനു കീഴിൽ 3-ാം മൈൽകമ്പി ലൈൻഭാഗത്ത് ശ്രീ. കൊട്ടാരം ജോണി എന്നൊരാൾ ഏകദേശം ഒരേക്കർ സ്ഥലം ജണ്ടകൾ മാറ്റിസ്ഥാപിച്ച് കയ്യേറിയെന്ന പാരാതിയെപ്പറ്റി വിജിലൻസ് വിഭാഗം മുഖ്യവനപാലകൻ അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്. നേര്യമംഗലം റെയിഞ്ചോഫീസർ ആയിരുന്ന ശ്രീ. സി.കെ. അലിയാരും, വാളറ സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ചർ ശ്രീ. ഒ.എൻ. രാഘവനും ഉത്തരവാദികളാണെന്ന് പ്രാഥമിക അന്വേഷണങ്ങളിൽനിന്നറിയാൻ കഴിഞ്ഞു.

(ഡി) മേൽ വിവരിച്ച കയ്യേറ്റത്തിന് ചില ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ ഉത്തവാദികളാണെന്ന് പ്രാഥമികാന്വേഷണത്തിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്.

(എഫ്)പ്രസ്തുത വനം കയ്യേറ്റം സംബന്ധിച്ച് വാളറ സ്റ്റേഷനിൽ ഒ.ആർ. 14/99 ആയി ശ്രീ. കൊട്ടാരം ജോണി എന്നയാൾക്കെതിരെ ഒരേക്കറോളം സ്ഥലം കയ്യേറിയതിന് കേസ്സ് എടുക്കുകയും, കയ്യേറിയ സ്ഥലത്തെ ദേഹണ്ഡങ്ങൾ നശിപ്പിച്ച് കയ്യേറിയ സ്ഥലം റിസർവ്വിനോട് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

(ജി) ഈ കേസ്സിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്നു കണ്ട ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(2603) വനോൽപ്പന്നങ്ങളുടെ സീനിയറേജ് റേറ്റ്

ശ്രീ ടി.എം. ജേക്കബ് :
ശ്രീ ആർ. ബാലകൃഷ്ണ പിള്ള :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനോൽപ്പന്നങ്ങൾക്ക് സീനിയറേജ് റേറ്റ് നിശ്ചയിക്കുന്നത് എങ്ങനെയാണ്;

(ബി) മണൽ, പാറ, തടി എന്നിവയ്ക്ക് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സീനിയറേജ് റേറ്റ് നിശ്ചയിക്കുന്നത്;

(സി) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കേരളത്തിലെ വനങ്ങളിൽ ഏതെല്ലാം കടവുകളിൽനിന്ന് മണൽവാരൽ അനുമതി നൽകിയിട്ടുണ്ട്;

(ഡി) ചോഴിയക്കോട്, ശങ്കിലിക്കടവ് എന്നിവിടങ്ങളിൽനിന്നും മണൽ വാരാൻ അനുവാദം നൽകിയത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) കേരള വനം നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് വനോൽപ്പന്നങ്ങളുടെ വിപണനം നടക്കുന്നത്; ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ചോഴിയക്കോട്, ശങ്കിലിക്കടവ് എന്നീ കടവുകളിൽനിന്നും ശേഖരിച്ച മണൽ എത്രയെന്ന് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്;

(ജി) പ്രസ്തുത കടവുകളിൽനിന്നും ശേഖരിച്ച മണൽ അപേക്ഷയിൽ സൂചിപ്പിച്ചിരുന്ന കാര്യങ്ങൾക്കായിട്ടാണോ ഉപയോഗപ്പെടുത്തിയിട്ടുള്ളത് എന്നകാര്യം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(എച്ച്) നൗഷാദ്യാനും, കെ.സി. രവീന്ദ്രനും ഏതെല്ലാം കോൺട്രാക്ട് ജോലികൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ചെയ്തിട്ടുണ്ട്;

(ഐ) നൗഷാദ്യാനും, കെ.സി. രവീന്ദ്രനും എത്ര ക്യൂബിക് മീറ്റർ മണൽ വീതം വാരുന്നതിനാണ് അപേക്ഷ നൽകിയത്; അപേക്ഷയുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) വനോൽപ്പന്നങ്ങളിൽ തടിയുടെ സീനിയറേജ് നിരക്ക് നിശ്ചയിക്കുന്നത് ഷെഡ്യൂൾ നിരക്കിൽനിന്നും ശരാശരി വേലക്കൂലി കുറച്ച തുക അടുത്ത പത്തിലേയ്ക്ക് റൗണ്ട്ചെയ്തതാണ്. എം.എഫ്.പി. (മൈനർ ഫോറസ്റ്റ് പ്രൊഡ്യൂസ്)ക്ക് തൊട്ടു മുൻവർഷം നിലവിലുണ്ടായിരുന്ന റേറ്റിന്റെ കൂടെ 25 ശതമാനം കൂട്ടിയാണ് സീനിയറേജ് നിരക്ക് നിശ്ചയിക്കുന്നത്. ഷെഡ്യൂൾ റേറ്റും, വേലക്കൂലിയും നിലവിലില്ലാത്ത ഇനം വനോൽപ്പന്നങ്ങൾക്കും തൊട്ടുമുൻവർഷം നിലവിലുണ്ടായിരുന്ന നിരക്കിന്റെ 25 ശതമാനം കൂടി സീനിയറേജ് നിരക്ക് നിശ്ചയിക്കുന്നു. നിൽപ്പുമരങ്ങൾക്കുള്ള സീനിയറേജ് നിരക്ക് നിശ്ചയിക്കുന്നത് പി.എഫ്. (പ്രൈസ് ഫിക്സേഷൻ) ആക്ട് അനുസരിച്ചാണ്.

(ബി) മണൽ, പാറ എന്നിവയ്ക്ക് സീനിയറേജ് റേറ്റ് നിശ്ചയിക്കുന്നത് നിലവിലുള്ള പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് റേറ്റ് അനുസരിച്ചാണ്. തടിയുടെ സീനിയറേജ് റേറ്റ് നിശ്ചയിക്കുന്നത് ഷെഡ്യൂൾ നിരക്കിൽനിന്നും ശരാശരി വേലക്കൂലി കുറച്ച തുക അടുത്ത പത്തിലേക്ക് റൗണ്ട് ചെയ്തിട്ടാണ്.

(സി) കേരള സർക്കാരിന്റെ 6.9.97-ലെ 7312/സി2/97/വനം നമ്പർ കത്തു പ്രകാരം പാലോട്ട്, ചോഴിയക്കോട്, മിൽപ്പാലം (തിരുവനന്തപുരം ഡിവിഷൻ) നെടുവണ്ണൂർ കടവ് (തെൻമല), മടന്തയാർ (തച്ചൻകോവിൽ), ത്രിവേണി (റാന്നി), അരിക്കോടുമല (കോന്നി) എന്നീ കടവുകളും 1.12.97-ലെ 16783/സി2/97/വനം നമ്പർ കത്തു പ്രകാരം കണ്ടാളംകുഴി, മൈലാമൂട്, കൈതയ്ക്കാപറമ്പ് (തിരുവനന്തപുരം ഡിവിഷൻ), ചെമ്പകുഴി, തട്ടേക്കാണി, മാഡിറ്റ്, പനംകുറ്റി (മൂന്നാർ ഡിവിഷൻ) എന്നീ കടവുകളും 3.4.98-ലെ 18285/സി2/97/വനം നമ്പർ കത്ത് പ്രകാരം ശങ്കിലി കടവും (തിരുവനന്തപുരം) മണൽ വാരാനുള്ള കടവായി അംഗീകരിച്ചിരുന്നു.

(ഡി) അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടി 24.8.97-ൽ നടത്തിയ ചർച്ചയുടെ മിനിറ്റ്സ് രേഖപ്പെടുത്തിയതായി കാണുന്നില്ല.

(ഇ) കേരളാ ഫോറസ്റ്റ് ആക്ട് സെക്ഷൻ 39 അനുസരിച്ചും കേരളാ ഫോറസ്റ്റ് കോഡിലുള്ള നിയമങ്ങളനുസരിച്ചുമാണ് വനോൽപ്പന്നങ്ങൾ വിപണനം നടത്തുന്നത്.

(എഫ്)അന്വേഷിച്ച് അറിയിക്കുന്നതാണ്.

(ജി) മണൽ ഉപയോഗം സംബന്ധിച്ച പരാതിയൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പരിശോധിച്ചിട്ടില്ല.

(എച്ച്) ഇവർ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ കോൺട്രാക്ട് ജോലികളൊന്നും ചെയ്തിട്ടില്ല.

423/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) നൗഷാദ്യാൻ 500 ക്യുബിക് മീറ്റർ മണൽ ചോഴിയക്കോട് കടവിൽ നിന്നും വാരുന്നതിനും ശ്രീ. കെ.സി. രവീന്ദ്രൻ 12,000 ക്യുബിക് മീറ്റർ മണൽ 'ശങ്കിലി'കടവിൽ നിന്നും വാരുന്നതിനുമാണ് അപേക്ഷിച്ചിരുന്നത്. അപേക്ഷകളുടെ പകർപ്പ് മേശപ്പുറത്തു വയ്ക്കുന്നു.†

(2649) റെയിൽവേ ക്രോസിംഗിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുവാൻ നടപടി

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻ.എച്ച്. 17-ലെ പള്ളിക്കരം, പടന്നക്കാട് റെയിൽവേ ക്രോസിംഗിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ;

(സി) മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളെല്ലാം സംസ്ഥാന സർക്കാർ പൂർത്തിയാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്തമായിട്ടാണോ മേൽപ്പാലം നിർമ്മിക്കാനാവശ്യമായ നടപടി ആരംഭിച്ചിട്ടുള്ളത്;

(എഫ്) എങ്കിൽ കേന്ദ്ര സർക്കാർ എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ ദേശീയപാതയിൽ വരുന്ന പള്ളിക്കര, പടന്നക്കാട് റെയിൽവേ ക്രോസിംഗിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന്റെ മുന്നോടിയായി ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ പണികൾ നടന്നുവരുന്നു.

(സി)&(ഡി) ലാന്റ് അക്വിസിഷൻ നടപടികൾ സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ പുരോഗമിച്ചുവരുന്നു.

(ഇ) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവും റെയിൽവേയും കൂടി ചേർന്നാണ് നടപടികൾ ആരംഭിച്ചിട്ടുള്ളത്.

(എഫ്) കേന്ദ്ര സർക്കാരിൽനിന്നും ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പള്ളിക്കര-226 ലക്ഷം രൂപ, പടന്നക്കാട്-106.66 ലക്ഷം രൂപ. ഇതിൽ പടന്നക്കാടിന്റെ പ്രൊപ്പോസൽ ജി.എ.ഡി. റെയിൽവേയിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇതിന്റെ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(2656) കണ്ണൂർ ജില്ലയിലെ സുൽത്താൻതോട്

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly